വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീം

1228 [1961] ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീം പൂർത്തിയായോ ;

(ബി) പൂർത്തിയായെങ്കിൽ എന്നാണ് പൂർത്തിയായത്. മൊത്തം എത്ര തുക ഈ സ്കീമിനുവേണ്ടി ചെലവാക്കി;

(സി) ഈ സ്കീം കൊണ്ട് എത്ര ഏക്കർ സ്ഥലത്തെ കൃഷിക്കാണ് പ്രയോജനം ലഭിക്കുന്നത്:

(ഡി) സ്കീം നടപ്പിലാക്കിയ ശേഷവും പതിവായി കൃഷിനാശം സംഭവിക്കുന്നുവെന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സ്കീം ഒരു പരാജയമായിരിക്കുന്ന സാഹചര്യത്തിൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഗവൺമെൻറിന്റെ ഉദ്ദേശം ?

ഉത്തരം

(എ) അനുമതി നൽകിയ എസ്റ്റിമേറിൻപ്രകാരമുള്ള വെള്ളായണിക്കായൽ റിക്ലമേഷൻ പദ്ധതിയുടെ ജോലികളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) 31-12-1974-ൽ പൂർത്തിയായി. 25 ലക്ഷത്തോളം രൂപ ഇതുവരെ ചെലവായി.

(സി) 1402 ഏക്കർ സ്ഥലത്തെ കൃഷിക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) സ്കീം നടപ്പിലാക്കിയശേഷം പതിവായി കൃഷിനാശം സംഭവിക്കുന്നില്ല. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ അതിവൃഷ്ടിയും തൽഫലമായ വെള്ളക്കെടുതിയും മൂലം കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ഇ) ഈ സ്കീമിന്റെ പൂർത്തിയാക്കിയ ജോലി പരാജയമായിട്ടില്ല. ഈ സ്കീം കുറെക്കൂടി ഫലപ്രദമാക്കുന്നതിന് രണ്ടാം ഘട്ടമായി അധികജോലികൾ ചെയ്യേണ്ടത് ആവശ്യമാണ്. ആയതിലേക്ക് വിശദമായ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അധിക ജോലികൾ കൂടി ചെയ്തുകഴിയുമ്പോൾ ഈ പദ്ധതി മുഖാന്തിരം കൂടുതൽ പ്രയോജനം കർഷകർക്ക് ലഭിക്കുന്നതാണ്.

കൊക്കോ ഉൽപ്പാദനം

1229 [1962] ശ്രീ. എൻ. പി. മൊയ്തീൻ :
ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ :
ശ്രീ. കെ. സുകുമാരനുണ്ണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് കൊക്കോയുടെ ഉൽപ്പാദനം ലക്ഷ്യം എത്രയാണ് ; ഈ ലക്ഷ്യം നേടാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly